"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - നാളികേര വികസന പദ്ധതി 2023-24 - പോളിനേഷൻ തൊഴിലാളികളുടെ കുടിശ്ശികയായിട്ടുള്ള അലവൻസുകൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1219/2025/AGRI    തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.535/2023/കൃഷി തീയതി 01/06/2023.
2. കൃഷി ഡയറക്ടറുടെ 31/05/2025 തീയതിയിലെ ADFW/4676/2024-TH2 നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം.546/2025/കൃഷി തീയതി 02/06/2025.

**ഉത്തരവ്**

2023-24 വർഷത്തെ നാളികേര വികസന പദ്ധതിയിൽ പോളിനേഷൻ നടത്തിയ തൊഴിലാളികൾക്ക് തെങ്ങുകയറ്റ അലവൻസ് തുകയായ 27,575/- രൂപയും ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ 29,040/- രൂപയും ചേർത്ത് ആകെ 56,615/- രൂപ (അൻപത്താറായിരത്തി അറുന്നൂറ്റി പതിനഞ്ചു രൂപ മാത്രം) കുടിശ്ശിക ആയിട്ടുള്ളത്, 2025-26 സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും മാറി നൽകുവാൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കൃഷിവകുപ്പ് ഡയറക്ടർ സൂചന (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു . 2025-26 സാമ്പത്തിക വർഷത്തെ നാളികേര വികസന പദ്ധതിയ്ക്കായി സൂചന (3) പ്രകാരം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ ഫാമുകളിലെ പോളിനേഷൻ തൊഴിലാളികൾക്ക് 6 മാസ കാലയളവിലേക്ക്, ഒരു തൊഴിലാളിക്ക് 28,750/- രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിനായി 13.20 ലക്ഷം രൂപ "Honorarium for Pollination Workers" എന്ന ഘടകത്തിൽ നീക്കിയിരിപ്പുണ്ട്.

3) പ്രസ്തുത സാഹചര്യത്തിൽ, കൃഷിവകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, 2023-24 വർഷത്തെ നാളികേര വികസന പദ്ധതിയിൽ, പോളിനേഷൻ പ്രവർത്തനം നടത്തിയ തൊഴിലാളികൾക്ക് തെങ്ങുകയറ്റ അലവൻസ് ഇനത്തിൽ 27,575/-

രൂപയും ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ 29,040/- രൂപയും ചേർത്ത് ആകെ കുടിശ്ശികയായ 56,615/- രൂപ (അൻപത്താറായിരത്തി അറുന്നൂറ്റി പതിനഞ്ചു രൂപ മാത്രം), 2025-26 സാമ്പത്തിക വർഷത്തിൽ നാളികേര വികസന പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ച ഫണ്ടിൽ നിന്നും മാറിനൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (***കുറിപ്പ് നമ്പർ. PLGEA-A1/106/2025-PLGEA പ്രകാരം - അറിവിലേയ്ക്കായി***).
ധനകാര്യ വകുപ്പ് (***കുറിപ്പ് നമ്പർ. Agri-B1/298/2025-FIN പ്രകാരം - അറിവിലേയ്ക്കായി***).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിവിഷൻ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസിൽ പകർപ്പ് (***ഫയൽ നമ്പർ: പിബി1/169/2025-കൃഷി***).

ഉത്തരവിൻ പ്രകാരം
Signed by
Nisha T K
Date: 22-12-2025 12:04:48
സെക്ഷൻ ഓഫീസർ